"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം-ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1580/2025/LSGD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. സ.ഉ(പി)നം.27/2021/ധന തീയതി 10.02.2021
2. സ.ഉ(സാധാ) നം. 2008/2024/തസ്വഭവ തീയതി. 22.10.2024
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.05.2025 തീയതിയിലെ LSGD/PD/16800/2024/DEH3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ 1/3 പേർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, തസ്വഭവ പ്ലാനിംഗ് വിഭാഗത്തിൽ 51 ടൗൺ പ്ലാനർ തസ്തികയുള്ളതിന്റെ 1/3 ആയ 17 ഡെപ്യൂട്ടി ടൗൺ പ്ലാനർമാർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹതയുണ്ടെന്നും, പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 30 വരെയുള്ളവർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതിനാൽ ടി ജീവനക്കാർക്ക് ശേഷം സീനിയോറിറ്റി ലിസ്റ്റിൽ തുടർച്ചയായി വരുന്ന 3 ഡെപ്യൂട്ടി ടൗൺ പ്ലാനർമാർക്ക് 63700-123700 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തത പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ

തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പരാമർശിക്കുന്ന 3 ജീവനക്കാർക്ക് , ടി പേരുകൾക്ക് ഒപ്പം പ്രതിപാദിച്ചിരിയ്ക്കുന്ന തീയതി പ്രാബല്യത്തിൽ പതിനൊന്നാം പേ റിവിഷൻ ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആകെയുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയുടെ 1/3-ൽ ഹയർ ഗ്രേഡ് അനുവദിച്ചവരുടെ എണ്ണം അധികരിക്കരുതെന്ന വ്യവസ്ഥയ്ക്കും, കെ.എസ്.ആർ ഭാഗം I റൂൾ 23(ഡി) പ്രകാരം ഹയർഗ്രേഡ് അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് തീയതി മുതൽ പരാമാവധി ഒരു വർഷം മുൻപ് വരെ മാത്രമേ സമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന നിബന്ധയ്ക്കും വിധേയമായി ഡെപ്യൂട്ടി പ്ലാനർ തസ്തികയിൽ 63700-123700 ശമ്പളസ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ.നമ്പർ | പേര്, പെൻ | റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹമായ തീയതി |
|---|---|---|
| 1 | സന്ധ്യ ജിഷ്ണുദാസ് 604757 | 10/07/2024 |
| 2 | ഗീതമ്മ എസ്. 431355 | 10/07/2024 |
| 3 | വി. സജികുമാർ 431358 | 01/01/2025 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLY

അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3.ബന്ധപ്പെട്ട ഉദ്യഗസ്ഥർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

5.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

6.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No.EWB3/98/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 24-06-2025 16:59:55